ഉത്തരം

(എ) നിയോജക മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തുന്നത് കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷൻ ആയതിനാൽ, 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ സമർപ്പിക്കുവാൻ മാത്രമേ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളു.

(ബി) പുനർനിർണ്ണയം എന്നത്തേക്ക് പൂർത്തിയാകുമെന്ന് കമ്മീഷൻ അറിയിച്ചിട്ടില്ല.

(സി) 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരു നിയോജകമണ്ഡലത്തിന്റെ ശരാശരി ജനസംഖ്യ കണക്കാക്കി ഓരോ ജില്ലയ്ക്കും ലഭിക്കേണ്ട മണ്ഡലങ്ങളുടെ എണ്ണം നിർണ്ണയിക്കുകയും തുടർന്ന് അതിർത്തി നിർണ്ണയം നടത്തുകയുമാണ് മാനദണ്ഡം.

(ഡി) ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് ഡീലിമിറ്റേഷൻ കമ്മീഷനാണ്.

ആരോഗ്യപ്പച്ചയിൽ നിന്നുമുള്ള ജീവനി എന്ന ഉൽപ്പന്നത്തിന്റെ പേറ്റന്റ്

17 [3389] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകവാണിജ്യ കരാറനുസരിച്ചുള്ള ഭൗതിക സ്വത്തവകാശ നിയമങ്ങളും അതിനോടനുബന്ധിച്ചുള്ള പേറ്റന്റ് വ്യവസ്ഥകളും അനുസരിച്ച് കേരളത്തിലെ ഏതെല്ലാം ഉല്പന്നങ്ങൾക്ക് അവകാശം സ്ഥിരീകരിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യപ്പച്ചയിൽ നിന്നും ഉല്പാദിപ്പിച്ച ജീവനി എന്ന ഉത്പന്നത്തിന് സംസ്ഥാന സർക്കാർ പേറ്റന്റ് നേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഉല്പന്നം അമേരിക്കയിൽ അനധികൃതമായി വിറ്റുവരുന്നുവെന്ന പത്ര റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉല്പന്നത്തിന് അമേരിക്കയിൽ ഔഷധങ്ങളുടെ കൂട്ടത്തിലാണോ ഭക്ഷ്യ സപ്ലിമെന്റുകളുടെ കൂട്ടത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ നാട്ടറിവും അപൂർവ്വമായ ജൈവവൈവിദ്ധ്യ വിഭവങ്ങളും വിദേശീയർ കടത്തിക്കൊണ്ടുപോകുന്നതും അവയിൻമേൽ ഭൗതിക സ്വത്തവകാശം സ്ഥാപിച്ചെടുക്കുന്നതും തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആയുർവേദവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഒരു പേറ്റന്റ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ സാമ്പിൾ സർവ്വേ അനുസരിച്ചുള്ള ദാരിദ്ര്യ നിരക്ക്

18 [3390] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ കമ്മീഷന്റെ ദേശീയ സാമ്പിൾ സർവ്വേ അനുസരിച്ചുള്ള ദാരിദ്ര്യനിരക്ക് സംസ്ഥാനങ്ങൾ അംഗീകരിക്കണമെന്നു നിർദ്ദേശമുണ്ടോ; എങ്കിൽ ഈ നിർദ്ദേശത്തെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെ എത്രപേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്രപേർക്ക് വിവിധ പദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന ആവശ്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടന്ന കേന്ദ്ര സർവ്വെയുടെയും സംസ്ഥാന സർവ്വെയുടേയും വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആസൂത്രണ കമ്മീഷന്റെ ദേശീയ സാമ്പിൾ സർവ്വെ അനുസരിച്ചുള്ള ദാരിദ്ര്യ നിരക്ക് സംസ്ഥാനങ്ങൾ അംഗീകരിക്കണമെന്ന നിർദ്ദേശമില്ല. എന്നാൽ, പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യ രേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ടവരുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by the Planning Commission) ഇതിൽ ഏതാണോ കൂടുതൽ അതിൽകൂടുതൽ ആകാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly